## കൊച്ചി വാട്ടർ യൂണിറ്റ് : രവിപുരം



കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ വനിത വികസന കോർപ്പറേഷന്റെ സഹകരണത്തോടെ ഭൂഗർഭ ജലം ശുദ്ധീകരിച്ച് കുടിവെള്ളം ഉദ്പാദിപ്പിക്കുന്ന കൊച്ചി വാട്ടർ പദ്ധതിയുടെ മൂന്നാമത്തെ യൂണിറ്റ് ഉദ്ഘാടനം 17.04.2017 ന് രവിപുരം അങ്കണവാടിയുടെ സമീപത്തുള്ള പ്ലാന്റ് പരിസരത്തുവച്ച് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ നിർവ്വഹിച്ചു.

ഇത് നല്ല ഒരു ആശയമാണെന്നും അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലുൾപ്പടെ സംസ്ഥാനത്ത് ശുദ്ധജല ക്ഷാമം രൂക്ഷമായ സ്ഥലങ്ങളിലും തീരദേശ പ്രദേശങ്ങളിലും ഇതുപോലുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ മുൻകൈയെടുക്കുമെന്ന് മന്ത്രി സൂചിപ്പിച്ചു.

ബഹുമാനപ്പെട്ട മേയർ സൗമിനി ജെയിൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഡെപ്യൂട്ടി മേയർ ടി.ജെ വിനോദ് സ്വാഗതം പറയുകയും വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഗ്രേസി ജോസഫ്, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എ.ബി സാബു, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ മിനിമോൾ വി.കെ, ടൗൺ പ്ലാനിംഗ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷൈനി മാത്യു, ടാക്സ് അപ്പീൽ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ.വി.പി കൃഷ്ണകുമാർ, കൗൺസിലർമാരായ ഡേവിഡ് പറമ്പിത്തറ, പി.ഡി. മാർട്ടിൻ, ആന്റണി പൈനുതറ, കെ.എക്സ്. ഫ്രാൻസിസ് എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു.